**പതിനാലാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*130** | **31.01.2018 ൽ മറുപടിയ്ക്ക്**

## പച്ചക്കറി ഉല്പാദന കലണ്ടർ തയ്യാറാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മുഹമ്മദ് മുഹസിൻ പി.<br>ശ്രീ.സി. ദിവാകരൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.എൽദോ എബ്രഹാം | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) പച്ചക്കറി കൃഷിയിൽ സംസ്ഥാനം കൈവരിച്ച പുരോഗതി വ്യക്തമാക്കുമോ; | എ) പച്ചക്കറി കൃഷിയിൽ 2016-17 സംസ്ഥാനത്ത് 52830 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും ഇതിൽ നിന്നും ഏകദേശം 7.25 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മുൻ വർഷമായ 2015-16- ൽ 46578 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും ഇതിൽ നിന്നും 6.28 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത് താരതമ്യം ചെയ്യുമ്പോൾ 2016-17- ൽ മുൻ വർഷത്തെ അപേക്ഷിച്ച് അധികമായി 6252 ഹെക്ടറിൽ കൃഷി വ്യാപിപ്പിക്കുകയും 0.97 ലക്ഷം മെട്രിക് ടൺ പച്ചക്കറി അധികമായി ഉത്പാദിപ്പിക്കുവാനും സാധിച്ചു.<br>2017-18 വർഷം പ്രത്യേകമായി നടപ്പിലാക്കിയ ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി പ്രകാരം 63 ലക്ഷം കുടുംബങ്ങൾക്ക് പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ സൗജന്യമായി നൽകുകയും അതു വഴി 96899. 5236 മെട്രിക് ടൺ പച്ചക്കറി അധികമായി ഉത്പാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br>2017-18 വർഷം നാളിതുവരെ 52102 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തതിൽ നിന്നും 6.3 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുവാനും സാധിച്ചു. മൂന്നാം വിള കൃഷി നടന്നു വരികയാണ്. വിളവെടുപ്പ് കഴിയുന്നതോടെ 2017-18 വർഷത്തിൽ മുൻവർഷത്തെക്കാൾ ഉദ്പാദനത്തിലും വിസ്തൃതിയിലും ഗണ്യമായ വർദ്ധനവ് പ്രതീക്ഷിക്കുന്നു. പച്ചക്കറി വികസന പദ്ധതി പ്രകാരം ഈ സാമ്പത്തിക വർഷം |

| | | | |
|---|---|---|---|
| | | | നാളിതുവരെ 44.679 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| ബി) | ചില സീസണിൽ ചിലയിനം പച്ചക്കറികൾക്ക് വിപണിയില്ലായ്മയും വിലക്കുറവും നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ഉണ്ട്. |
| സി) | മാർക്കറ്റ് ഡിമാന്റ് അനുസരിച്ച് ഉല്പാദനം ക്രമീകരിക്കുന്നതിനായി ഒരു പച്ചക്കറി ഉല്പാദന കലണ്ടർ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | സി) | തയ്യാറാക്കിയിട്ടുണ്ട്. |

Mayap

**സെക്ഷൻ ഓഫീസർ**